REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 19-05-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- ലോക്സഭാ തിരഞ്ഞെടുപ്പ് അഞ്ചാം ഘട്ടത്തിന്റെ പരസ്യപ്രചാരണം ഇന്നലെ വൈകിട്ട് അവസാനിച്ചു.
- ആറാം ഘട്ടത്തിൽ എട്ട് സംസ്ഥാനങ്ങളിലും, കേന്ദ്രഭരണ പ്രദേശങ്ങളിൽ നിന്നുമായി 889 സ്ഥാനാർത്ഥികൾ മത്സര രംഗത്ത്.
- അമേരിക്കയിൽ വാഹനാപകടത്തിൽ മരിച്ച
- മാർ അത്തനേഷ്യസ് യോഹാൻ മെത്രാപ്പൊലീത്തയുടെ ഭൗതിക ശരീരം പുലർച്ചെ നെടുമ്പാശ്ശേരിയിലെത്തിച്ചു.
- സംസ്ഥാനത്ത് ഇന്ന് മുതൽ ചൊവ്വാഴ്ച വരെ അതിശക്ത മഴയ്ക്ക് സാധ്യത.
- IPL ക്രിക്കറ്റിൽ റോയൽ ചാലഞ്ചേഴ്സ് ബംഗളൂരു പ്ലേ ഓഫിൽ കടന്നു.

## വാർത്തകൾ വിശദമായി

ലോക്സഭാ തിരഞ്ഞെടുപ്പ് അഞ്ചാം ഘട്ടത്തിന്റെ പരസ്യപ്രചാരണം ഇന്നലെ വൈകിട്ട് അവസാനിച്ചു. എട്ട് സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും 49 സീറ്റുകളിലാണ് നാളെ ജനവിധി. നിശബ്ദ പ്രചാരണത്തിന്റെ ദിവസമായ ഇന്ന് വോട്ടർമാരെ നേരിൽ കണ്ട് പരമാവധി വോട്ട് നേടാനായിരിക്കും സ്ഥാനാർത്ഥികളുടെയും പ്രവർത്തകരുടെയും ശ്രമം.

ഡെസ്ക്ക് റിപ്പോർട്ട്

.....(വോയ്സ്).....

ഉത്തർപ്രദേശിലെ 14 ഉം, മഹാരാഷ്ട്രയിലെ 13 ഉം, പശ്ചിമബംഗാളിലെ ഏഴും, ഒഡീഷയിലെയും ബിഹാറിലെയും അഞ്ച് വീതം സീറ്റുകളിലും ഈ ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കും. ഝാർഖണ്ഡിലെ മൂന്നിടത്തും, ജമ്മുകശ്മീരിലെയും ലഡാക്കിലെയും ഓരോ സീറ്റിലും നാളെയാണ് വോട്ടെടുപ്പ്.

ലോക്സഭാ തിരഞ്ഞെടുപ്പിന്റെ ആറാം ഘട്ടത്തിൽ എട്ട് സംസ്ഥാനങ്ങളിൽ നിന്നും, കേന്ദ്രഭരണ പ്രദേശങ്ങളിൽ നിന്നുമായി 889 സ്ഥാനാർത്ഥികൾ ജനഹിതം തേടും. ജമ്മുകശ്മീരിലെ മാറ്റിവെച്ച തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന 20 സ്ഥാനാർത്ഥികളും ഇവരിലുൾപ്പെടുന്നു. ഇന്നലെ മണ്ഡലങ്ങളിലെ സൂക്ഷ്മ പരിശോധന പൂർത്തിയായി. 58 മണ്ഡലങ്ങളിലാണ് ഈ മാസം 25 ന് വോട്ടെടുപ്പ്.

ഉത്തർപ്രദേശിലെ 14, ഹരിയാനയിലെ പത്ത്, ബിഹാറിലെയും പശ്ചിമബംഗാളിലെയും എട്ട് വീതം സീറ്റുകൾ, ഡൽഹിയിലെ ഏഴ്, ഒഡീഷയിലെ ആറ്, ഝാർഖണ്ഡിലെ നാല്, ജമ്മുകശ്മീരിലെ ഒരു സീറ്റ് എന്നിവിടങ്ങളിലാണ് അടുത്ത ശനിയാഴ്ച തിരഞ്ഞെടുപ്പ്.

✪✪✪

ആറും ഏഴും ഘട്ടങ്ങളിലെ തിരഞ്ഞെടുപ്പിന് പ്രചാരണം അവസാന ലാപ്പിലേക്ക് നീങ്ങുകയാണ്. പ്രമുഖ മുന്നണികളുടെയും, പാർട്ടികളുടെയും താരപ്രചാരകർ പൊതുയോഗങ്ങളിലും, റോഡ്ഷോകളിലും പങ്കെടുത്ത് വോട്ട് ഉറപ്പിക്കുന്നു. മുതിർന്ന BJP നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്രമോദി ഇന്ന് പശ്ചിമബംഗാളിൽ മൂന്ന് പൊതുയോഗങ്ങളിൽ സംസാരിക്കും. പുരുളിയ, ബിഷ്ണുപ്പൂർ, ഖരക്പൂർ എന്നിവിടങ്ങളിലാണ് നരേന്ദ്രമോദിയുടെ പ്രചാരണ പരിപാടികൾ.

✪✪✪

സ്വജനപക്ഷപാതത്തെയും രാജ്യത്തെ ദുർബലപ്പെടുത്താൻ ആഗ്രഹിക്കുന്ന ശക്തികളെയും പരാജയപ്പെടുത്താൻ 2024 ലെ പൊതുതെരഞ്ഞെടുപ്പ് നിർണായകമാണെന്ന് പ്രധാനമന്ത്രിയും മുതിർന്ന BJP നേതാവുമായ നരേന്ദ്ര മോദി പറഞ്ഞു. നോർത്ത് ഈസ്റ്റ് ഡൽഹിയിൽ തിരഞ്ഞെടുപ്പ് പൊതുയോഗത്തിൽ സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി.

ഭരണഘടനയെ സംരക്ഷിക്കുകയാണ് ഇൻഡി സഖ്യത്തിന്റെ പ്രധാന ലക്ഷ്യമെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി വ്യക്തമാക്കി. ഡൽഹിയിൽ തെരഞ്ഞെടുപ്പ് പ്രചാരണ റാലിയിൽ പങ്കെടുക്കുകയായിരുന്നു രാഹുൽ.

✪✪✪

ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിന്റെ മുൻ പേഴ്സണൽ സെക്രട്ടറി ബൈഭവ് കുമാറിനെ ഡൽഹി ജില്ലാ കോടതി അഞ്ചു ദിവസത്തെ പൊലീസ് കസ്റ്റഡിയിൽ വിട്ടു. ആംആദ്മി പാർട്ടിയുടെ രാജ്യസഭാ അംഗം സ്വാതി മലിവാളിനെ മർദിച്ചുവെന്ന കേസിൽ അറസ്റ്റിലായ ബൈഭവ് കുമാറിനെ ഇന്നലെ രാത്രിയോടെ ഡൽഹി തിസ് ഹസാരി കോടതിയിൽ ഹാജരാക്കി.

✪✪✪

അമേരിക്കയിൽ വാഹനാപകടത്തിൽ മരിച്ച ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ച് അധ്യക്ഷൻ മാർ അത്തനേഷ്യസ് യോഹാൻ മെത്രാപ്പൊലീത്തയുടെ ഭൗതിക ശരീരം പുലർച്ചെ നെടുമ്പാശ്ശേരി വിമാനത്താവളത്തിലെത്തിച്ചു. ഭൗതിക ശരീരം വിലാപ യാത്രയായി തിരുവല്ല നിരണം സെന്റ് തോമസ് ബിലീവേഴ്സ് ചർച്ചിലേക്ക് കൊണ്ടു പോകും. പൊതുദർശനത്തിനു ശേഷം രാത്രി സഭാ ആസ്ഥാനത്ത് എത്തിക്കും. നാളെ സംസ്കാര ചടങ്ങുകൾ ആരംഭിക്കും.

✪✪✪

മഞ്ഞപ്പിത്തം മുതിർന്നവരിൽ ഗുരുതരമാകാൻ സാധ്യത ഏറെയുണ്ടെന്നും രോഗികൾ ആരോഗ്യപ്രവർത്തകരുടെ നിർദേശങ്ങൾ കൃത്യമായി പാലിക്കണമെന്നും മന്ത്രി വീണാ ജോർജ് വാർത്താക്കുറിപ്പിൽ ആവശ്യപ്പെട്ടു. ഹെപ്പറ്റൈറ്റിസ് A വൈറസ് കരളിനെ ബാധിക്കുകയും കരൾവീക്കത്തിന് കാരണമാകുകയും ചെയ്യും. രണ്ടാഴ്ചയെങ്കിലും ജാഗ്രത പുലർത്തേണ്ടതാണ്. ഈ കാലയളവിൽ മറ്റുള്ളവരുമായി അടുത്ത സമ്പർക്കം ഒഴിവാക്കണമെന്നും മന്ത്രി വാർത്താ കുറിപ്പിൽ പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് ഇന്ന് മുതൽ ചൊവ്വാഴ്ച വരെ അതിശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. ഇന്നും നാളെയും പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ അതിതീവ്ര മഴസാധ്യത മുൻനിർത്തി ചുവപ്പ് ജാഗ്രതാ നിർദ്ദേശം

പുറപ്പെടുവിച്ചു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം ജില്ലകളിൽ ഇന്നും നാളെയും ഓറഞ്ച് ജാഗ്രതയാണ്.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

....(വോയ്സ്)....

മലയോര മേഖലകളിൽ രാത്രികാല യാത്രയ്ക്ക് നിരോധനം ഏർപ്പെടുത്തി. ശക്തമായ കാറ്റും മോശം കാലാവസ്ഥയും കണക്കിലെടുത്ത് ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നത് വരെ കേരള - ലക്ഷദ്വീപ് തീരങ്ങളിൽ മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി.

തിരുവനന്തപുരം ജില്ലയിൽ ഓറഞ്ച് അലർട്ട് നൽകിയ സാഹചര്യത്തിൽ ഇന്നു മുതൽ മറ്റൊരു അറിയിപ്പ് ഉണ്ടാകുന്നതു വരെ പൊന്മുടി ഇക്കോടൂറിസം കേന്ദ്രത്തിലേക്ക് യാത്രകൾ നിരോധിച്ചു.

പത്തനംതിട്ട ജില്ലയിൽ ഇന്നു മുതൽ 23 വരെ എല്ലാ ജില്ലാതല വകുപ്പ് ഉദ്യോഗസ്ഥരും ഓഫീസുകളിൽ എത്തണമെന്ന് കളക്ടർ നിർദ്ദേശം നൽകി. പ്രാദേശിക അതോറിറ്റികളിലെയും, തദ്ദേശ സ്ഥാപനങ്ങളിലെയും ജീവനക്കാർക്കും നിർദ്ദേശം ബാധകമാണ്. ഈ കാലയളവിൽ ക്വാറികളിലെയും, ഖനന മേഖലകളിലെയും പ്രവർത്തനം നിരോധിച്ചു. 44 ഇടങ്ങളിൽ പ്രകൃതി ദുരന്തസാധ്യത മുൻനിർത്തി പ്രദേശവാസികളെ ദുരിതാശ്വാസ ക്യാമ്പുകളിലേയ്ക്ക് മാറ്റും. എല്ലാ താലൂക്കുകളിലും ക്യാമ്പുകൾ ഒരുക്കിയിട്ടുണ്ട്. കളക്ടറേറ്റിൽ ഇതിനായി ജില്ലാ കൺട്രോൾ റൂം തുറന്നു.

✪✪✪

മലയോര മേഖലകളിൽ മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ, മലവെള്ളപ്പാച്ചിൽ സാധ്യത നിലനിൽക്കുന്നതിനാൽ ഗവിയടക്കം വിനോദ സഞ്ചാര കേന്ദ്രങ്ങളിലേക്ക് പ്രവേശനമുണ്ടാകില്ല.

ഇടുക്കി മലങ്കര ഡാമിന്റെ ഷട്ടറുകൾ ജലനിരപ്പ് ഉയർന്നാൽ കൂടുതൽ തുറക്കുമെന്ന് അധികൃതർ മുന്നറിയിപ്പ് നൽകി. തൊടുപുഴ, മൂവാറ്റുപുഴ ആറുകളുടെ തീരത്ത് താമസിക്കുന്നവർ ജാഗ്രത പാലിക്കണമെന്ന് മുന്നറിയിപ്പുണ്ട്.

തമിഴ്നാട്ടിലെ വിവിധയിടങ്ങളിൽ കനത്ത മഴ പെയ്തതിനെ തുടർന്ന് ഊട്ടിയടക്കം വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് നാളെ വരെ യാത്ര

വിലക്കി. അടിയന്തിര സാഹചര്യങ്ങളിൽ പൊലീസ്, അഗ്നിരക്ഷാ സേനാ വിഭാഗ ങ്ങളുടെ സഹായം ലഭ്യമാക്കാനും നീലഗിരി കളക്ടർ നിർദ്ദേശം നൽകി.

✪✪✪

ഈ വർഷത്തെ ഹജ്ജ് തീർത്ഥാടനത്തിന് കരിപ്പൂരിൽ നിന്ന് ആദ്യവിമാനം മറ്റന്നാൾ പുറപ്പെടും. പുലർച്ചെ 12.05ന് എയർ ഇന്ത്യാ എക്സ്പ്രസ് വിമാനത്തിൽ 166 തീർത്ഥാടകർ ജിദ്ദയിലേക്ക് പുറപ്പെടും. യാത്രയ്ക്ക് എല്ലാ ഒരുക്കങ്ങളും പൂർത്തിയായതായി സംസ്ഥാന ഹജ്ജ് കമ്മിറ്റി ചെയർമാൻ C.മുഹമ്മദ് ഫൈസി അറിയിച്ചു. ഹജ്ജ് ക്യാമ്പിന് നാളെ കരിപ്പൂർ ഹജ്ജ് ഹൗസിൽ തുടക്കമാകും.

മെയ് 26 നാണ് കൊച്ചിയിൽ നിന്ന് ആദ്യ ഹജ്ജ് വിമാനം. ജൂൺ ഒന്നിന് കണ്ണൂരിൽ നിന്നും ഹജ്ജ് യാത്ര തുടങ്ങും.

✪✪✪

ശബരിമലയിൽ ഇന്ന് പ്രതിഷ്ഠാദിനത്തിൽ ആയിരത്തി ഒന്ന് കലശാഭിഷേകം നടത്തും. ഇടവമാസ പൂജയ്ക്കും പ്രതിഷ്ഠാ ദിനചടങ്ങുകൾക്കും ശേഷം രാത്രി നടയടയ്ക്കും. പത്തനംതിട്ട ജില്ലയിൽ റെഡ് അലർട്ട് പ്രഖ്യാപിച്ച സാഹചര്യത്തിൽ മലയോര മേഖലയിലെ രാത്രിയാത്രയ്ക്ക് നിരോധനമേർപ്പെടുത്തിയിട്ടുണ്ടെങ്കിലും ശബരിമല തീർത്ഥാടകർക്ക് ഇളവ് നൽകി.

✪✪✪

കണ്ണൂർ ജില്ലയിൽ ഇന്ന് ശുചിത്വ ഹർത്താൽ നടത്തും. തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പൊതു സ്ഥല ശുചീകരണം, വീടുകൾ, സ്ഥാപനങ്ങൾ തുടങ്ങിവയുടെ ശുചീകരണം, മലിനജല സംസ്കരണ പദ്ധതികൾ, കൊതുക് നശീകരണ പ്രവർത്തനങ്ങൾ എന്നിവ ഇതിന്റെ ഭാഗമായി സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

IPL ക്രിക്കറ്റിൽ റോയൽ ചാലഞ്ചേഴ്സ് ബംഗളുരു പ്ലേ ഓഫിൽ കടന്നു. ബംഗളുരുവിലെ മത്സരത്തിൽ നിലവിൽ ചാമ്പ്യൻമാരായ ചെന്നൈ സൂപ്പർ കിംഗ്സിനെ 27 റൺസിന് തകർത്താണ് ബംഗളുരുവിന്റെ പ്ലേ ഓഫ് പ്രവേശം.

കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്, രാജസ്ഥാൻ റോയൽസ്, സൺ റൈസേഴ്സ് ഹൈദരബാദ് ടീമുകൾ നേരത്തെ പ്ലേ ഓഫിൽ എത്തിയിരുന്നു.ചൊവ്വാഴ്ച്ചയാണ് പ്ലേ ഓഫ് മത്സരങ്ങൾ ആരംഭിയ്ക്കുന്നത്.

✪✪✪

തായ്‌ലന്റ് ഓപ്പൺ ബാഡ്മിന്റൺ ടൂർണമെന്റ് പുരുഷ ഡബിൾസിൽ ഇന്ത്യയുടെ സാത്വിക് സായ്‌രാജ് രെങ്കിറെഡ്ഡി- ചിരാഗ് ഷെട്ടി സഖ്യം ഫൈനലിൽ പ്രവേശിച്ചു. ചൈനീസ് തായ്‌പേയ് താരങ്ങളെ പരാജയപ്പെടുത്തിയാണ് അവർ ഫൈനലിലെത്തിയത്.

ഫൈനലിൽ ഇന്ന്  ചൈനയുടെ ചെൻ ബൊയാങ്- ലി യൂ സഖ്യവുമായി ഇന്ത്യൻ താരങ്ങൾ ഏറ്റുമുട്ടും.

✪✪✪

ബംഗളൂരുവിൽ നിന്നും കൊച്ചിയിലേക്ക് പുറപ്പെട്ട എയർ ഇന്ത്യാ എക്സ്പ്രസിൽ തീ കണ്ടതിനെ തുടർന്ന് വിമാനം  ബംഗളൂരു വിമാനത്താവളത്തിൽ അടിയന്തര  ലാന്റിങ് നടത്തി. വലതുവശത്തെ ചിറകിനു സമീപത്തെ എഞ്ചിനിലാണ്  തീ കണ്ടത്.  യാത്രക്കാരും ജീവനക്കാരും സുരക്ഷിതരാണെന്ന് എയർഇന്ത്യ അറിയിച്ചു.

✪✪✪

മുൻ മുഖ്യമന്ത്രി E.K നായനാരുടെ 20-ാം ചരമവാർഷിക ദിനം ഇന്ന്. ദിനാചരണത്തിന്റെ ഭാഗമായി രാവിലെ  കണ്ണൂർ പയ്യാമ്പലത്തെ സ്മൃതി മണ്ഡപത്തിൽ CPIM സംസ്ഥാന സെക്രട്ടറി M.V ഗോവിന്ദൻ പുഷ്പാർച്ചനയ്ക്ക് നേതൃത്വം നൽകും. തുടർന്ന് ബർണ്ണശേരിയിലെ നായനാർ അക്കാദമി ഓഡിറ്റോറിയത്തിൽ അനുസ്മരണ സമ്മേളനം ചേരും. അനുസ്മരണ സമ്മേളനത്തിനുശേഷം അക്കാദമിയിലെ നായനാർ മ്യൂസിയം പൊതുജനങ്ങൾക്ക് സന്ദർശനത്തിനായി തുറന്നു കൊടുക്കും.

✪✪✪

ദേശീയപാതയിൽ അറ്റകുറ്റപ്പണി പൂർത്തിയാക്കിയ മാഹി പാലം ഇന്ന് ഗതാഗതത്തിന് തുറന്നുകൊടുക്കും.  കഴിഞ്ഞ മാസം 28-നാണ് കണ്ണൂരിനും കോഴിക്കോടിനുമിടയിലെ പാലം പൂർണമായി അടച്ചത്.

✪✪✪

തലശ്ശേരി നഗരസഭാ മുൻ ചെയർമാൻ K.ഗോപാലകൃഷ്ണൻ നിര്യാതനായി. 85 വയസ്സായിരുന്നു. മലബാർ ദേവസ്വം ബോർഡിന്റെ ആദ്യ ചെയർമാനായിരുന്നു. സംസ്കാരം വൈകിട്ട് കണ്ടിക്കൽ നിദ്രാതീരം വാതകശ്മശാനത്തിൽ നടത്തും.

✪✪✪

ആകാശവാണി കോഴിക്കോട് നിലയത്തിലെ ഹലോ ഇഷ്ടഗാനം പരിപാടിയുടെ അവതാരകൻ R കനകാംബരന് ഇന്ന് കാഞ്ചീരവം കലാവേദി പ്രക്ഷേപണശ്രീ അവാർഡ് സമ്മാനിക്കും. നളന്ദ ഓഡിറ്റോറിയത്തിലെ ഖാൻകാവിൽ നഗറിൽ പ്രൊഫസർ M.N കാരശ്ശേരി പുരസ്കാരം സമ്മാനിക്കും. റേഡിയോ ശ്രവണം പ്രോത്സാഹിപ്പിക്കാൻ നടത്തിയ പ്രവർത്തനങ്ങൾ മുൻനിർത്തി ഉൺമ മോഹൻ നൂറനാടിന് ശ്രവണശ്രീ അവാർഡും ചടങ്ങിൽ നൽകും.

✪✪✪

അഖില കേരള റേഡിയോ ലിസണേഴ്സ് സംഘടിപ്പിക്കുന്ന ശ്രോതാക്കളുടെ എറണാകുളം ജില്ലാ സൗഹൃദ സംഗമം രാവിലെ പട്ടിമറ്റത്ത് ആരംഭിക്കും. പ്രിയദർശിനി ഓഡിറ്റോറിയത്തിലെ ചടങ്ങ് എറണാകുളം ജില്ലാപഞ്ചായത്ത് പ്രസിഡണ്ട് മനോജ് മൂത്തേടൻ ഉദ്ഘാടനം ചെയ്യും. പ്രക്ഷേപകരെ ആദരിക്കുന്ന ചടങ്ങും പരിപാടിയുടെ ഭാഗമായി നടക്കും.

✪✪✪

ഭാരതീയ വിചാരകേന്ദ്രം മലപ്പുറം ജില്ലാകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സംസ്കൃതി പാഠശാല, കാലിക്കറ്റ് സർവകലാശാലാ സനാതന ധർമപീഠം ചെയറിൽ കാസർകോട് കേന്ദ്രസർവകലാശാലാ പ്രൊഫസർ ഡോ. C.A ഗീത ഉദ്ഘാടനംചെയ്തു. വിചാരകേന്ദ്രം ജില്ലാപ്രസിഡന്റ് ഡോ. M.P. രവിശങ്കർ അധ്യക്ഷതനായിരുന്നു.

✪✪✪